ശ്രീ. കെ. എ. ശിവരാമഭാരതി : ചെറുവണ്ണൂർ ഇ. എസ്. ഐ. ഡിസ്പെൻസറിയിൽ ഒന്നരണ്ടു ഡാക്ടർമാരെയെങ്കിലും അടിയന്തിരമായി നിയമിക്കുന്നതിനു നടപടി സ്വീകരിക്കുമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : ചെയ്യാം.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്) : പാലക്കാട് ഡിസ്പെൻസറിയുടെ കാര്യം അന്വേഷിക്കാമെന്നു് മാർച്ചുമാസത്തിൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതാണു്. ഇപ്പോഴും അന്വേഷിക്കാമെന്നു പറയുന്നതെന്താണു്? ഇതുവരെ ഇ. എസ്. ഐ. യിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

ശ്രീ. ബി. വെല്ലിംഗ്ടൺ : അന്വേഷിക്കാമെന്നു പറഞ്ഞിട്ടുള്ളതിനെപ്പറ്റി അന്വേഷിച്ചു് നടപടിയെടുത്തിരിക്കും. ഇപ്പോഴത്തെ കാര്യമാണു് അന്വേഷിക്കാമെന്നു പറഞ്ഞതു്.

അടിസ്ഥാന ഭ്രനികുതി

* 28. [50] ശ്രീ. കെ. പാത്തുണ്ണിമാസ്റ്റർ
,, മുസ്തഫാ കമാൽ
,, വി. എസ്. അച്യുതാനന്ദൻ
,, സി. ബി. ചന്ദ്രശേഖരവാര്യർ
,, പി. കെ. കുഞ്ഞച്ചൻ

താഴെ കാണുന്ന ചോദ്യങ്ങൾക്കു് റവന്യുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1957-ൽ അടിസ്ഥാനഭ്രനികുതിനിയമത്തിനെതിരായി ചില ജന്മിമാർ കോടതിയിൽ റിട്ട കൊടുക്കുകയും ഭ്രനികുതിപിരിവു് സ്റ്റേ ചെയ്യുകൊണ്ടു് കോടതി നടപടി എടുക്കുകയും, പിന്നീടു് പ്രസ്തുത സ്റ്റേ പിൻവലിക്കുകയും ചെയ്തതിനുശേഷം 12 കൊല്ലത്തെ ഭ്രനികുതി മുഴുവൻ ഒന്നായി കുടിക്കാരിൽനിന്നു് വസൂലാക്കുവാൻ റവന്യു ഉദ്യോഗസ്ഥന്മാർ നടപടി ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഇതിനെ സംബന്ധിച്ചു് ഗവണ്മെൻറിനു് വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു ?

റവന്യുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി) :

(എ) അന്വേഷിച്ചുവരുന്നു.

(ബി) ഉണ്ടു്.

(സി) റവന്യുബോർഡിൻെറ അഭിപ്രായം അറിയുന്നതിനുവേണ്ടി അയച്ചിരിക്കുകയാണു്.

ശ്രീ. മുസ്തഫാ കമാൽ : കുത്തകപ്പാട്ടവ്യവസ്ഥയിൽ ഭ്രമി കിട്ടിയിട്ടുള്ളവർ കാർഷികാദായനികുതി കൊടുക്കേണ്ടെന്നു് രണ്ടു മാസംമുൻപു് കേരളഹൈക്കോടതി വിധി പ്രസ്താവിച്ചതിൻെറ ഫലമായി ലക്ഷക്കണക്കിനു രൂപ ഗവണ്മെൻറിനു് നഷ്ടപ്പെടുന്നതിനാൽ ഈ നഷ്ടം പരിഹരിക്കത്തക്ക വിധത്തിൽ വേണ്ട നടപടി ആരംഭിച്ചിട്ടുണ്ടോ ?

ശ്രീമതി കെ. ആർ. ഗൗരി : ആ കാര്യം നോക്കാൻ പറഞ്ഞിട്ടില്ല. ഹൈക്കോടതിവിധിയെപ്പറ്റി അറിവില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സങ്കേതം വസ്തുക്കളുടെ പേരിലുള്ള നികുതി അന്നത്തെ റവന്യുമന്ത്രി സ്റ്റേ ചെയ്തിരുന്നതു് ഇപ്പോഴും വീണ്ടും ഒന്നായി കൊടുക്കണ

LIBRARY ARCHIVES Kerala Legislative Assembly

മെന്നുപറഞ്ഞു് നടപടി സ്വീകരിച്ചിട്ടുണ്ടു്. അതു് നിറുത്തിവയ്ക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീമതി കെ. ആർ. ഗൗരി : സങ്കേതം ഭൂമിയുടെ നികുതി ഒന്നായി പിരിക്കാൻ നടപടി സ്വീകരിച്ചിട്ടുള്ളതായി ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ നായർ പറഞ്ഞിട്ടുള്ളതായി അറിയാം. ഗവണ്മെൻറുഭൂമി ഒഴിച്ചു് ബാക്കിയുള്ള ഭൂമിക്കു് നികുതി കൊടുക്കേണ്ടിവരും. അതു് ഒന്നായി പിരിക്കുന്നുണ്ടോ എന്നു് പരിശോധിച്ചേ പറയാൻ കഴിയൂ.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : 1957-ൽ അന്നത്തെ റവന്യൂമന്ത്രി വേണ്ടെന്നു വച്ചതാണു്. ഇപ്പോൾ വീണ്ടും ഒന്നായി പിരിക്കുന്നു. അതിനെപ്പറ്റി ഞാൻ പറയുകയല്ല, നിവേദനം നടത്തുകയാണു് ചെയ്തിട്ടുള്ളതു്.

ശ്രീമതി കെ. ആർ. ഗൗരി : സ്റ്റേ ചെയ്യുവെന്നു പറഞ്ഞാൽ വേണ്ടെന്നുവെച്ചുവെന്നല്ല, താല്ക്കാലികമായി നിറുത്തലാക്കിയതാണു്. ആ സ്റ്റേ വെക്കേറ്റു ചെയ്യുകാണും. പറഞ്ഞുവെന്നാണു് തോന്നിയതു്. മെമ്മോറാണ്ടം തന്നിരുന്നെങ്കിൽ തീച്ചയായും അനേഷണത്തിനു് അയച്ചുകാണും.

ശ്രീ. കെ. എം. മാണി : ഒന്നായി കൊടുക്കണമെന്നു പറഞ്ഞിട്ടുള്ളതു് സാമാന്യ കർഷകർക്കു് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നതാകയാൽ എത്രയും വേഗം തീരുമാനമെടുക്കുമോ, എത്ര സമയത്തിനകം തീരുമാനമെടുക്കാമെന്നാണു് പ്രതീക്ഷിക്കുന്നതു് ?

ശ്രീമതി കെ. ആർ. ഗൗരി : മലബാറിലെ ഭൂമിയെ സംബന്ധിച്ചാണു് നിവേദനം കിട്ടിയതു്. രണ്ടു കൊല്ലമായി ഈടാക്കാതിരുന്നതുകൊണ്ടു് ഒന്നായി പിരിക്കണമെന്നു തീരുമാനിച്ചതായിരിക്കാം. അതാണു് അന്വേഷിച്ചുവരുന്നുവെന്നു പറഞ്ഞതു്. അതുകൊണ്ടാണു് തീരുമാനിക്കാതിരിക്കുന്നതു്.

ശ്രീ. കെ. എം. മാണി : എന്റെ ചോദ്യം അതല്ല ; ഒന്നായി കൂടിശ്ശിക ഈടാക്കുന്നതു് പ്രയാസമുണ്ടാക്കുമെന്നതുകൊണ്ടു്, ഏതു സമയത്തിനുള്ളിൽ അതിനെപ്പറ്റി അന്തിമതീരുമാനമുണ്ടാകും എന്നാണു്.

ശ്രീമതി കെ. ആർ. ഗൗരി : അന്തിമമായി മുൻപു് തീരുമാനിച്ചുവെന്നാണു് പറഞ്ഞതു്. 1967-ൽ തീരുമാനമെടുത്തിരുന്നു. 2 കൊല്ലത്തിലായി കൊടുത്തുതീർത്താൽ മതിയെന്നു്. അവർ കൊടുത്തുകാണുകയില്ല. അതായിരിക്കാം ഒന്നായി പിരിക്കുന്നതു്. Board-ന്റെ അഭിപ്രായം അറിഞ്ഞു് വേണ്ടതു ചെയ്യാം.

ശ്രീ. എം. എം. തോമസ് : കൊട്ടിയൂർ പ്രദേശത്തെ രേഖയില്ലാത്ത കൃഷിക്കാരിൽനിന്നു നേരിട്ടു് അടിസ്ഥാനനികുതി വാങ്ങാൻ തീരുമാനമെടുത്തിരിക്കുകയാണു്. റവന്യൂ അധികാരികളും എഴുതിയ കൊല്ലത്തെ നികുതി ഒന്നിച്ചല്ലാതെ വാങ്ങുകയില്ല എന്നു നിർബ്ബന്ധിക്കുന്നതുകൊണ്ടു് കൃഷിക്കാർക്കു് വളരെ ബുദ്ധിമുട്ടുണ്ടാകുന്നുണ്ടു്. ഇതിനു് ഒരു പരിഹാരമുണ്ടാക്കാൻ ശ്രദ്ധിക്കുമോ ?

ശ്രീമതി കെ. ആർ. ഗൗരി : തലശ്ശേരിയിലെ കൊട്ടിയൂർ ഭാഗത്തുള്ള രേഖയില്ലാത്ത കൃഷിക്കാർ നികുതി തരികയാണെങ്കിൽ ഇന്നയാളാണു് തന്നതെന്നു കാണിച്ചു് രസീതു് കൊടുക്കാൻ പറഞ്ഞിട്ടുണ്ടു്. ഒന്നിച്ചു് വാങ്ങുന്നോ എന്നു് അറിയില്ല.

ശ്രീ. കെ. ജി. നീലകണ്ഠൻ നമ്പൂതിരിപ്പാടു് : സ്റ്റേ വാങ്ങിയിരുന്നതു വൻകിട ഭൂമിയുടമകളായിരുന്നതുകൊണ്ടും സാധാരണ കർഷകർക്കു നികുതി കൊടുക്കുവാൻ തടസ്സം ഇല്ലാതിരുന്നതുകൊണ്ടും സ്റ്റേ മൂലം നികുതി അടയ്ക്കുവാൻ സാധിക്കാതെ ഇപ്പോൾ കൂടിശ്ശിക ധാരാളമായി വന്നിട്ടുള്ള സാധാരണ കർഷകരെ സംബന്ധിച്ചിടത്തോളം അതു റദ്ദുചെയ്യുന്നതിനു നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ ഗൗരി : അടിസ്ഥാന നികുതിയുടെ തത്വം എന്തുതന്നെ പറഞ്ഞാലും ഭൂനികുതി ചാർജ് ഓൺ പ്രോപ്പർട്ടിയാണു്. അപ്പോൾ Crop അറാച്ച ചെയ്യാറുണ്ടു്. കൈവശക്കാരൻ അവരുടെ ക്രോപ്പ് അറാച്ച് ചെയ്യരുതെന്നു കരുതി നികുതി കൊടുക്കും, വലിയ ജന്മിമാർ കൊടുത്തിരിക്കുകയില്ല. രണ്ടുകൊല്ലത്തിനിടയ്ക്കു് ആക്ടും കൊടുക്കേണ്ടി വന്നിട്ടില്ല.

ശ്രീ. പന്തളം പി. ആർ. മാധവൻപിള്ള : രണ്ടേക്കർ താഴെ ഭൂമിയുള്ളവരുടെ നികുതി കുടിശ്ശിക ഇളവു ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ശ്രീമതി കെ. ആർ. ഗൗരി : കഴിഞ്ഞ കൊല്ലം മുതൽക്കു രണ്ടേക്കർ ഭൂമിയുള്ളവർക്കു നികുതി കൊടുക്കേണ്ടതില്ല. അതിനു മുമ്പുള്ള കാര്യം ഇപ്പോൾ ഗവണ്മെൻറു പരിഗണിച്ചിട്ടില്ല.

ശ്രീ. പി. കെ. രാഘവൻ: 1957 മുതൽ കൊടുക്കേണ്ട എന്നുള്ള ഒരു ഉത്തരവു ഉണ്ടാക്കുകയും ഇപ്പോൾ പത്തുകൊല്ലത്തേയ്ക്കു ഒന്നിച്ചു കൊടുക്കുവാൻ വ്യവസ്ഥ ചെയ്തിരിക്കുന്നതുകൊണ്ടു വളരെയധികം ബുദ്ധിമുട്ടു നേരിട്ടുകൊണ്ടിരിക്കുകയാണെന്നുള്ളതു പരിഗണിച്ചു ഇപ്പോൾ കൊടുക്കണമെന്നു പറയുന്ന നികുതിയെ സംബന്ധിച്ചിടത്തോളം ഒരു പരിശോധന കൂടി നടത്തുവാൻ ഗവണ്മെൻറു തയ്യാറാകുമോ ?

ശ്രീമതി കെ. ആർ. ഗൗരി : ഭൂപതിവു രൂപ്രകാരം 1961 മുതൽ ഉള്ള അടിസ്ഥാന നികുതി മാത്രം ഇളവാക്കാനാണു് വ്യവസ്ഥ. അർഹതപ്പെട്ട ആളുകൾക്കേ ഇതു ബാധകമാകു. പതിച്ചു കിട്ടാൻ അർഹതയില്ലാത്തവർ മുഴുവൻ കുത്തകപ്പാട്ടവും കൊടുക്കണം.

ശ്രീ. വി. കുട്ടികൃഷ്ണൻ നായർ : മലബാർ ഭാഗത്തു ചെറുകിട കർഷകരാണു ധാരാളമുള്ളതു്. പന്ത്രണ്ടു കൊല്ലം ബാക്കിയുള്ളതു് ചെറുകിട കർഷകരാ സംബന്ധിച്ചിടത്തോളം ഇളവു ചെയ്യാൻ ദയവുണ്ടാകുമോ ?

ശ്രീമതി കെ. ആർ. ഗൗരി : രണ്ടു ഏക്കറിനു താഴെയുള്ളതു് കഴിഞ്ഞ കൊല്ലം മുതൽക്കു് പിരിക്കുന്നില്ല. പത്തു ഏക്കറിനു താഴെയുള്ള എല്ലാ ഏക്കറിനു ഇളവു ചെയ്യുന്നതെന്നെല്ലാം പൊതുവേ ആലോചിക്കേണ്ട കാര്യമാണു്. ഇപ്പോൾ അവ റദ്ദു് ചെയ്യാൻ സാദ്ധ്യമല്ല.

ശ്രീ. ബി. മാധവൻ നായർ : അടിസ്ഥാന നികുതി പൂർണ്ണമായി നിറുത്തലാക്കുന്നതിനു നടപടി സ്വീകരിക്കുമോ ?

ശ്രീമതി കെ. ആർ. ഗൗരി : ഇപ്പോൾ ആ കാര്യം ആലോചനയിലില്ല.

കയർ തൊഴിലാളികളുടെ കൂലി

* 29. [51] ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തൊഴിൽമന്ത്രി സദയം മറുപടിനൽകുമോ :

(എ) കയർപിരി തൊഴിലാളികളുടെ കൂലിക്രമം നിശ്ചയിച്ചുകൊണ്ടു് കയർപിരി തൊഴിലാളി പ്രതിനിധികളും കയറുല്പാദകരും ഗവണ്മെൻറും തമ്മിലുണ്ടാക്കിയിട്ടുള്ള ഒത്തുതീർപ്പുവ്യവസ്ഥ പല കയറുല്പാദകരും പാലിക്കുന്നില്ല എന്നുള്ള വിവരം ഗവണ്മെൻറിനു് അറിവുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഒത്തുതീർപ്പുവ്യവസ്ഥപ്രകാരമുള്ള കൂലി നടപ്പിലാക്കുന്നതിനു് ഈ ഗവണ്മെൻറു് ഇതിനകം എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ;